"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് ശ്രീകൃഷ്ണപുരം ഹൈസ്കൂളിലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ആയ ശ്രീ.പ്രശാന്ത് എ.വി. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No. 26491/2022 കേസിൽ 25.10.2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1067/2023/GEDN തീയതി, തിരുവനന്തപുരം, 06-02-2023

---

പരാമർശം:-

1. WP(C)No. 26491/2022 കേസിൽ ബഹു. ഹൈക്കോടതി 25.10.2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.
2. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.01.2023-ലെ DEOMKD/46/2023-B4 നമ്പർ കത്ത്.
3. വിദ്യാഭ്യാസ ഉപഡയറക്ടറുടെ 21.01.2023-ലെ DDEPKD/2375/2022-B5 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.01.2023-ലെ ഇഎം.1/318/2023 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ശ്രീകൃഷ്ണപുരം ഹൈസ്കൂളിലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ആയ ശ്രീ.പ്രശാന്ത് എ.വി. ഫയൽ ചെയ്ത **WP(C)No. 26491/2022** കേസിൽ ബഹു. ഹൈക്കോടതി **25.10.2022** തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം പ്രകാരം, **EXT P5 [G.O.(Rt)No.1953/2021/G.Edn dated 26.02.2021**-ശ്രീ.പ്രശാന്ത് എ.വി. മുതൽ പേർ ഫയൽ ചെയ്ത **WP(C)No.3113/2018** കേസിന്റെ **13.03.2018**-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചത്] റദ്ദാക്കുകയും, **Sumadevi (Supra)** കേസിൽ ബഹു. കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം കൂടി പരിഗണിച്ച്, ഹർജിക്കാരനെയും **5**-ാം എതിർകക്ഷിയായ മാനേജരെയും മറ്റ് കക്ഷികളെയും, നേരിൽ കേട്ട് തീരുമാനം കൈക്കൊള്ളുവാൻ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവായി. ആയതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരന്റെ പ്രതിനിധി, ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും വിദ്യാഭ്യാസ ഉപഡയറക്ടറുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും പ്രതിനിധികൾ എന്നിവരെ **23.01.2023**-ൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

**2) ഹർജിക്കാരന്റെ വാദങ്ങൾ ഇപ്രകാരമാണ് :**

"റിവിഷൻ ഹർജിക്കാരൻ എച്ച്.എസ്.ടി. ഇംഗ്ലീഷ് അധ്യാപകനായി ശ്രീകൃഷ്ണപുരം ഹൈസ്കൂളിൽ 01-06-2009 മുതൽ നിയമിതനായി. 01-06-2011 മുതൽ നിയമനം അംഗീകരിച്ചു. നിയമന തീയതിയായ 01-06-2009 മുതൽ 31-05-2011 വരെയുള്ള കാലഘട്ടത്തിലെ അംഗീകാരത്തിനും ശമ്പളത്തിനും വേണ്ടിയാണ് റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്.

17-08-2005-ലെ ജി.ഒ.(പി).317/2005 പ്രകാരം അധിക തസ്തികകളിലെ നിയമനത്തിന് നിരോധനം ഏർപ്പെടുത്തിയിരുന്നു. പ്രസ്തുത നിരോധനം 12.01.2010-ലെ ജി.ഒ.(പി).10/10 പ്രകാരം ചില നിയന്ത്രണങ്ങളോട് കൂടി അധിക തസ്തിക നിയമനത്തിന് അംഗീകാരം നൽകുന്നതിന് ഉത്തരവായിട്ടുള്ളതാകുന്നു. റിവിഷൻ ഹർജിക്കാരന്റെ സ്കൂൾ മാനേജർ ജി.ഒ.(പി) 10/10 പ്രകാരം ബോണ്ട് സമർപ്പിച്ചിട്ടില്ല.

ഇക്കാര്യത്തിൽ ബഹു. കേരള ഹൈക്കോടതി നിരവധി കേസുകളിൽ വിധി പ്രസ്താവിച്ചിട്ടുണ്ട്. പ്രധാനമായും WP(C)No. 6039/2012-ലെ വിധി ഇക്കാര്യത്തിൽ പ്രസക്തമാണ്. മാനേജർമാർ 10/10 പ്രകാരം ബോണ്ട് നൽകിയിട്ടില്ലെങ്കിലും ബോണ്ട് നൽകിയതായി പരിഗണിച്ച് നിയമനം ലഭിച്ച നിയമന തിയതി മുതൽ ശമ്പളം നൽകേണ്ടതാണെന്ന് ഉത്തരവായിട്ടുള്ളതാകുന്നു. മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ ഗവൺമെന്റ് നിരവധി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതും അപ്രകാരം പൂർവ്വകാല സർവ്വീസ് അംഗീകരിക്കപ്പെട്ടിട്ടുള്ളതും ആകുന്നു.

ബഹു. കേരള ഹൈക്കോടതി ഹർജിക്കാരന്റെ കേസിൽ ബോണ്ട് സമർപ്പിച്ചിട്ടില്ലെങ്കിലും STATE OF KERALA V/S SUMADEVI V.S കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും റിവിഷൻ ഹർജിക്കാരന്റെ നിയമനം പൂർവ്വകാല പ്രാബല്യത്തോടെ ഡീമിംങ് പ്രൊവിഷൻ ഉൾപ്പെടുത്തി അംഗീകരിക്കണമെന്ന് നിഷ്കർഷിച്ച് ബഹു. കേരള ഹൈക്കോടതി ഉത്തരവായിട്ടുള്ളതാകുന്നു. മാത്രവുമല്ല ബോണ്ട് നൽകാത്തതിന്റെ പേരിൽ ആനുകൂല്യങ്ങൾ നിഷേധിക്കരുതെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ആകയാൽ റിവിഷൻ ഹർജിക്കാരന്റെ നിയമനം നിയമന തിയതിയായ 01-06-2009 മുതൽ 31-05-2011 വരെ അംഗീകരിച്ച് ഉത്തരവുണ്ടാകണമെന്ന് ഇതിനാൽ അപേക്ഷിക്കുന്നു."

**3) വിദ്യാഭ്യാസ ഓഫീസർമാർ താഴെപ്പറയും പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു :**

"മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിൽ വരുന്ന ശ്രീകൃഷ്ണപുരം ഹൈസ്കൂളിലെ 2009-2010-ലെ എച്ച്.എസ്.ടി. ഇംഗ്ലീഷ് അധിക തസ്തികയിൽ ശ്രീ. പ്രശാന്ത് എ.വി.യെ 1/6/2009 മുതൽ മാനേജർ നിയമിച്ചു. എന്നാൽ 12/1/2010-ലെ ജി.ഒ.(പി).10/10/പൊവിവ പ്രകാരമുള്ള ബോണ്ട് സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ ടി നിയമനം ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു. ഇതേ കാരണത്താൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറും ടി നിയമനം സംബന്ധിച്ച അപ്പീൽ നിരസിക്കുകയുണ്ടായി. ഇതിനെതിരെ ശ്രീ.പ്രശാന്തും മറ്റുള്ളവരും ചേർന്ന് കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 3113/2018 നം.റിട്ട് പെറ്റിഷന്റെ

വിധിന്യായപ്രകാരം സർക്കാർ ഈ വിഷയം പരിശോധിക്കുകയും 12/1/2010-ലെ 10/10/പൊവിവ നം സർക്കാർ ഉത്തരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിൽ ആയതിനാൽ അപേക്ഷ സർക്കാർ നിരസിക്കുകയും ചെയ്തു.

ശ്രീ.പ്രശാന്തിന് 1/6/2011 മുതലുള്ള നിയമനം അധ്യാപക പാക്കേജിൽ ഉൾപ്പെട്ട് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോഴത്തെ ആവശ്യം യഥാർത്ഥ നിയമന തിയതി (1/6/2009) മുതൽ 31/5/2011 വരെയുള്ള ശേഷിച്ച കാലയളവ് അംഗീകരിക്കപ്പെടണമെന്നതാണ്. ടിയാൻ നിയമന നിരോധനം നിലനിന്നിരുന്ന 2006-2007 മുതൽ 2009-10 വരെയുള്ള കാലയളവിനിടക്ക് നിയമിക്കപ്പെട്ടതിനാൽ 12/1/2010-ലെ ജി.ഒ.(പി).10/10 പ്രകാരം നിരോധനം പിൻവലിച്ച വേളയിൽ ഇത്തരം നിയമന അംഗീകാരം, പ്രസ്തുത ഉത്തരവിലെ നിബന്ധനകൾ പാലിക്കാമെന്ന ബോണ്ട് മാനേജർ വയ്ക്കുന്ന മുറക്ക് നൽകാമായിരുന്നു. എന്നാൽ മാനേജർ അത്തരം ബോണ്ട് സമർപ്പിച്ചിരുന്നില്ല. ബോണ്ട് സമർപ്പിക്കാത്ത നിയമനങ്ങൾ അംഗീകരിക്കാൻ സർക്കാർ ഉത്തരവുകളൊന്നും നിലവിലില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു."

**4)** ഹർജിക്കാരന്റെ വാദങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും, സർക്കാർ ഉത്തരവുകളുടെയും, കോടതി വിധികളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരന്റെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) നിയമനം 01.06.2009 മുതൽ 31.05.2011 വരെ അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി വിഷയത്തിൽ താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു:

i ) ഹർ ജിക്കാരൻ 01.06.2009 മുതൽ 2009-2010-ലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) അധിക തസ്തികയിൽ നിയമിതനായി.

ii) 12.01.2010-ലെ G.O.(P)No.10/10 പ്രകാരമുള്ള ബോണ്ട് സമർപ്പിക്കാത്തതിനാൽ ടി നിയമനം വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചു.

iii) ഇതിനെതിരെ ശ്രീ.പ്രശാന്തും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത WP(C)No.3113/2018 കേസിന്റെ 13.03.2018-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, 12.01.2010-ലെ G.O.(P)No. 10/10-ന്റെ കാര്യങ്ങൾ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലായതിനാൽ, അപേക്ഷ നിരസിച്ചുകൊണ്ട് G.O.(Rt)No. 1953/2021/G.Edn dated 26.02.2021 പുറപ്പെടുവിച്ചു.

iv) ശ്രീ.പ്രശാന്തിന് 01.06.2011 മുതലുള്ള നിയമനം അധ്യാപകപാക്കേജിൽ ഉൾപ്പെടുത്തി അംഗീകരിച്ചു നൽകിയിട്ടുണ്ട്.

v) ശ്രീ.പ്രശാന്ത് നിയമനനിരോധനം നിലനിന്നിരുന്ന 2006-2007 മുതൽ 2009-2010 വരെയുള്ള

കാലയളവിനിടയ്ക്ക് നിയമിക്കപ്പെട്ടതിനാൽ 12.01.2010-ലെ G.O.(P)No. 10/10/ G.Edn പ്രകാരം നിരോധനം പിൻവലിച്ച വേളയിൽ, ടി നിയമനാംഗീകാരം, പ്രസ്തുത ഉത്തരവിലെ നിബന്ധനകൾ പാലിക്കാമെന്ന ബോണ്ട് മാനേജർ സമർപ്പിക്കുന്ന പക്ഷം നൽകാമായിരുന്നുവെന്നും, എന്നാൽ മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ലെന്നും, ബോണ്ട് സമർപ്പിക്കാത്ത നിയമനങ്ങൾ അംഗീകരിക്കാൻ സർക്കാർ ഉത്തരവുകളൊന്നും നിലവിലില്ലെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നു.

**5)** ശ്രീ.പ്രശാന്ത് ഫയൽ ചെയ്ത WP(C)No.26491/2022-ന്റെ 25.10.2022-ലെ വിധിന്യായം പ്രകാരം G.O.(Rt)No.1953/2021/G.Edn dated 26.02.2021 ബഹു. കോടതി റദ്ദ് ചെയ്തിട്ടുണ്ട്. കൂടാതെ Sumadevi (Supra) കേസിലെ കോടതി വിധി കൂടി പരിഗണിച്ച് തീരുമാനമെടുക്കാനും കോടതി നിർദ്ദേശിച്ചിരിക്കുന്നു.

**6 )** State of Kerala & others Vs Sumadevi and others എന്ന കേസിലെ വിധിന്യായത്തിൽ മാനേജർമാർ ബോണ്ട് സമർപ്പിക്കാതിരുന്നതു കൊണ്ട് അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി മാനേജർമാർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് നിരോധന കാലയളവിലെ നിയമനം അംഗീകരിക്കുന്നതിന് ഉത്തരവായിരുന്നു. അധിക തസ്തികകളിൽ നിയമന നിരോധനം നിലവിലുണ്ടായിരുന്ന കാലയളവിൽ നടത്തിയ നിയമനങ്ങൾ എപ്രകാരം ക്രമീകരിക്കണമെന്ന് നിർദ്ദേശിച്ച് സ.ഉ.(അച്ചടി)നം.10/2010/പൊവിവ തീയതി 12/1/2010 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ, മാനേജർമാർ നിയമന നിരോധനം നിലവിലുണ്ടായിരുന്ന കാലയളവിൽ അധിക തസ്തികകളിൽ നിയമിച്ചവർക്ക് തത്തുല്യം എണ്ണം സംരക്ഷിതാദ്ധ്യാപകരെ, തുടർന്ന് വരുന്ന ഒഴിവുകളിൽ നിയമിക്കുമെന്ന വ്യവസ്ഥ ചെയ്യുന്ന ബോണ്ട് സമർപ്പിക്കുവാനും, ആയതിന് ശേഷം തുടർന്നുള്ള അധിക തസ്തികകളിലെ ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകനും പുതുതായി നിയമിക്കുന്ന അദ്ധ്യാപകനും 1 : 1 അനുപാതത്തിൽ നിയമനം നൽകുവാനും നിർദ്ദേശിച്ചിരുന്നു. ആയതിനെതിരെ ഫയൽ ചെയ്യപ്പെട്ട ഹർജികളിന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ ഫയൽ ചെയ്തിട്ടുള്ള അപ്പീലുകൾ നിലവിൽ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ടി കാരണത്താൽ നിയമനാംഗീകാരം കിട്ടാത്ത അദ്ധ്യാപകർ വീണ്ടും ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും, ആയത് പരിഗണിച്ച് സ്കൂൾ മാനേജർ സ.ഉ.(അച്ചടി)നം.10/2010/പൊവിവ തീയതി 12/1/2010-ലെ വ്യവസ്ഥകൾക്ക് വിധേയമായി ബോണ്ട് സമർപ്പിച്ചിട്ടുണ്ടെന്ന അനുമാനത്തിൽ, ഇക്കാര്യത്തിൽ ബഹു. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന അപ്പീൽ ഹർജിയുടെ അന്തിമ വിധിന്യായത്തിന് വിധേയമായി ടി അദ്ധ്യാപകരുടെ നിയമനാംഗീകാര അപേക്ഷകൾ തീർപ്പാക്കാൻ നിരവധി വിധിന്യായങ്ങളിൽ ബഹു. കേരള ഹൈക്കോടതി ഉത്തരവായിട്ടുള്ളതിനാൽ അപ്രകാരം ടി നിയമനാംഗീകാര അപേക്ഷകൾ തീർപ്പാക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഈ കേസിലെ ഹർജിക്കാരനും തുല്യനീതി ലഭിക്കേണ്ടതുണ്ട്.

**7)** മേൽ സാഹചര്യത്തിൽ, സ.ഉ.(അച്ചടി)നം.10/2010/പൊവിവ തീയതി 12/1/2010 പ്രകാരം സ്കൂൾ മാനേജർ ബോണ്ട് സമർപ്പിച്ചിട്ടുണ്ടെന്ന അനുമാനത്തിൽ, ഇക്കാര്യത്തിൽ ബഹു. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന അപ്പീൽ ഹർജിയുടെ അന്തിമ വിധിന്യായത്തിന് വിധേയമായി, ഹർജിക്കാരന്റെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, നിയമനത്തീയതിയായ 01.06.2009 മുതൽ 31.05.2011 വരെ അംഗീകരിച്ചു നൽകുവാൻ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, അപ്രകാരം പാലക്കാട് ശ്രീകൃഷ്ണപുരം ഹൈസ്കൂളിലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ആയ ശ്രീ.പ്രശാന്ത് എ.വി. ഫയൽ ചെയ്ത WP(C)No. 26491/2022 കേസിൽ ബഹു. ഹൈക്കോടതി 25.10.2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) , കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) , കേരള, തിരുവനന്തപുരം.
മാനേജർ, ശ്രീകൃഷ്ണപുരം ഹൈസ്കൂൾ, പാലക്കാട്.
ശ്രീ.പ്രശാന്ത് എ.വി., എച്ച്.എസ്.ടി.(ഇംഗ്ലീഷ്), ശ്രീകൃഷ്ണപുരം ഹൈസ്കൂൾ, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 06-02-2023 15:05:23
സെക്ഷൻ ഓഫീസർ